കാർഷിക മേഖലയുടെ സുസ്ഥിര വികസനത്തിന്റുള്ള ഗവേഷണ പ്രവർത്തനങ്ങൾ

*3 [578] ശ്രീ. പിരപ്പൻകോട് മുരളി:
„ കെ. രാധാകൃഷ്ണൻ:
„ ടി. കെ. ദേവകുമാർ:
„ വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക മേഖലയുടെ സുസ്ഥിര വികസനത്തിനായുള്ള എന്തെല്ലാം ഗവേഷണ പ്രവർത്തനങ്ങളാണ് കാർഷിക സർവ്വകലാശാല ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കാർഷിക സർവ്വകലാശാല ഏറ്റെടുത്തിട്ടുള്ള ഗവേഷണ പ്രവർത്തനങ്ങൾക്ക് ഏതെല്ലാം ഏജൻസികളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നുമാണ് ധനസഹായം ലഭിക്കുന്നതെന്ന് പറയാമോ;

(സി) കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ കാർഷിക സർവ്വകലാശാല നടത്തിയ ഗവേഷണങ്ങളുടെ ഫലമായി ഉണ്ടായ നേട്ടങ്ങൾ എന്തൊക്കെയാണെന്നു വിശദമാക്കുമോ;

(ഡി) കാർഷിക വിളകൾക്കുണ്ടായ രോഗബാധയ്ക്ക് പ്രതിവിധി കാണാൻ കഴിഞ്ഞിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ,

(എ) കാർഷിക സർവ്വകലാശാല നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിളകളിൽ പുതിയ ഇനങ്ങൾ കണ്ടെത്തൽ, ജൈവ കൃഷി രീതികൾ തുടങ്ങി മിക്കവാറും എല്ലാ ഗവേഷണ പദ്ധതികളും കാർഷിക മേഖലയുടെ സുസ്ഥിര വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ്. പ്രധാന ഗവേഷണ പ്രവർത്തനങ്ങൾ അനുബന്ധം I-ൽ കൊടുത്തിരിക്കുന്നു. †

(ബി) കാർഷിക സർവ്വകലാശാലയുടെ ഗവേഷണ പ്രവർത്തനങ്ങൾക്കുവേണ്ടി ധനസഹായം നൽകുന്ന ബാഹ്യ ഏജൻസികളുടെ ലിസ്റ്റ് അനുബന്ധം IA-ൽ കൊടുത്തിട്ടുണ്ട്. †

† അനുബന്ധം I, IA

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉൽപ്പാദന ക്ഷമതയിലും പ്രതിരോധ ശക്തിയിലും മുന്നിട്ടു നിൽക്കുന്നതും കർഷകരുടെ ഇടയിൽ അംഗീകാരം ലഭിച്ചിട്ടുള്ളതുമായ 32 വിളയിനങ്ങൾ കാർഷിക സർവ്വകലാശാല കഴിഞ്ഞ 3 വർഷത്തിനുള്ളിൽ പുറത്തിറക്കി. പല ജീവാണു വളങ്ങളും കീടരോഗ നാശിനികളും വേർതിരിച്ചെടുക്കുന്നതിനും വാണിജ്യാടിസ്ഥാനത്തിൽ അവ ഉൽപ്പാദിപ്പിക്കുന്നതിനുമുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കുന്നതിനും ഈ കാലയളവിൽ കഴിഞ്ഞിട്ടുണ്ട്. ജൈവകൃഷിക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള പല ഗവേഷണ പദ്ധതികളും നടത്തുകയും അവ തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. താറാവിലെ ഡക്ക് പ്ലേഗ് വസന്ത രോഗത്തിനെതിരെ 'ഡക്ക് പാസ്ച്യുറെല്ല' വാക്സിൻ കണ്ടു പിടിച്ചു പുറത്തിറക്കി. കാർഷിക യന്ത്രവൽക്കരണ രംഗത്ത് ചെലവ് കുറഞ്ഞതും ചെറുകിട കർഷകർക്ക് ഉപയോഗപ്രദവുമായ പല ഉപകരണങ്ങളും വികസിപ്പിച്ചെടുത്തു. പശ്ചിമഘട്ട നദികളിൽ നാമാവശേഷമായിക്കൊണ്ടിരിക്കുന്ന ശുദ്ധജല മൽസ്യങ്ങളുടെ കൃത്രിമ പ്രജനനത്തിനുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കുകയും കുട്ടനാടൻ പ്രദേശങ്ങൾക്കുവേണ്ടി കൂടുതൽ ലാഭം നൽകുന്ന 'ഒരു നെല്ലും ഒരു മീനും' പദ്ധതി ആവിഷ്ക്കരിക്കുകയും ചെയ്തു.

(ഡി ആന്റ് ഇ) കേരളത്തിലെ കാർഷിക വിളകളെ ബാധിക്കുന്ന പ്രധാന രോഗ കീടബാധയ്ക്കെതിരെ പ്രതിവിധി കണ്ടെത്തുവാൻ കാർഷിക സർവ്വകലാശാലയ്ക്ക് കഴിഞ്ഞിട്ടുണ്ട്. നെല്ലിലെ പ്രധാന രോഗങ്ങൾക്ക് പ്രതിരോധ ശേഷിയുള്ള ഇനങ്ങൾ വികസിപ്പിച്ചെടുത്തതിനുപുറമെ രാസകീട/രോഗനാശിനികളും ജീവാണു നാശിനികളും കണ്ടെത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. മണ്ഡരിക്കെതിരെ വേപ്പധിഷ്ഠിത ജൈവ കീടനാശിനികൾ ഫലപ്രദമാണെന്ന് കണ്ടു. കാറ്റ് വീഴ്ചക്കെതിരെ പ്രതിരോധ ശക്തിയുള്ള തെങ്ങിൻ തൈകളുടെ ഉപയോഗം തുടങ്ങി. സമഗ്രമായ ഒരു കേരരക്ഷാ പദ്ധതി ശുപാർശ ചെയ്തു. ശാസ്ത്രീയമായ കൃഷി രീതിയിലൂടെയും സമഗ്രമായ പരിചരണ മുറകളിലൂടെയും കാറ്റ് വീഴ്ച രോഗത്തിന്റെ തീവ്രത ഗണ്യമായി കുറയ്ക്കാമെന്നും അതുവഴി ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും നിലനിർത്തുവാനും സാധിക്കുമെന്നും കണ്ടെത്തി. കുരുമുളകിന്റെ പ്രധാന രോഗമായ ദ്രുതവാട്ടത്തിനെതിരെ സ്വീരിക്കേണ്ട നിയന്ത്രണ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാൻ കഴിഞ്ഞു.

<u>ശ്രീ. വി. ജെ. പൗലോസ്:</u> സർ, കാർഷിക സർവ്വകലാശാലയിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ഭൂരിഭാഗം ഗവേഷണങ്ങളും വിള അഭിവൃദ്ധിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടതാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. കൃഷിയുടെ നിലനിൽപ്പുതന്നെ അപകടത്തിലായിരിക്കുന്ന സാഹചര്യമാണ് ഇപ്പോഴുള്ളത്. പലവിധ രോഗങ്ങൾ കാരണം കൃഷി നശിച്ചുപോകുന്നതല്ലാതെ രോഗത്തെ നിയന്ത്രണത്തിൽ കൊണ്ടുവരാനോ പ്രതിരോധിക്കാനോ ഉള്ള ഫലപ്രദമായ മരുന്നുകൾ കണ്ടുപിടിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. പല രോഗങ്ങൾക്കും പ്രതിവിധിയില്ല. പ്രതിരോധ നടപടികളില്ല. ഇക്കാര്യത്തിൽ ഗവൺമെന്റ് സ്വീകരിച്ച നടപടികളെന്തൊക്കെയാണ്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരിയമ്മ: രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായി ചില മരുന്നുകളും ചില കീടനാശിനികളുമെല്ലാം കണ്ടുപിടിച്ചിട്ടുണ്ട്. കുരുമുളകിന്റെ രോഗമായ ദ്രുതവാട്ടത്തിനെതിരെ കാർഷിക സർവ്വകലാശാല മരുന്നു കണ്ടുപിടിച്ചിട്ടുണ്ട്. പക്ഷേ അത് കൃഷിക്കാർ എങ്ങനെ ഉപയോഗിക്കുന്നു എന്നതിനെ സംബന്ധിച്ച് അതിന്റേതായിട്ടുള്ള പോരായ്മയുണ്ട്. പലതിനും അതിന്റെ എക്സ്റ്റെൻഷൻ സർവ്വീസ് ശരിയായിട്ടില്ല. അതുപോലെ മണ്ഡരി രോഗം പരിപൂർണ്ണമായും തീരുന്നില്ലായെങ്കിൽപോലും അതിന്റെ തീവ്രതയില്ലാതാക്കാൻ വേപ്പധിഷ്ഠിതമായിട്ടുള്ള ഇന്ന് ഉപയോഗത്തിലിരിക്കുന്ന മരുന്ന് കേരള സർവ്വകലാശാല കണ്ടുപിടിച്ചതാണ്. അത് ജൈവ കീടനാശിനിയാണ്. ഇപ്പോൾ തെങ്ങിന്റെ കാറ്റു വീഴ്ച നേരിടുന്നതിനുള്ള രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് മരുന്നൊന്നും കണ്ടുപിടിച്ചിട്ടില്ല. എന്നാൽ രോഗപ്രതിരോധ ശക്തിയുള്ള തെങ്ങിൻതൈകളും തേങ്ങയുമൊക്കെ കണ്ടുപിടിച്ചിട്ടുണ്ട്. ഇപ്പോൾ ആ വിധത്തിലുള്ള നടീൽ വസ്തുക്കളാണ് ഉപയോഗിച്ചുവരുന്നത്. അതുപോലെ സൂക്ഷ്മ ജീവികളെ വളർത്തിയെടുത്ത് അവയെക്കൊണ്ട് മറ്റ് രോഗങ്ങളെ പ്രതിരോധിക്കുന്നതിന് ആവശ്യമായ നടപടികളെടുക്കുന്നുണ്ട്. കാർഷിക സർവ്വകലാശാലയുടെ എക്സ്റ്റെൻഷൻ സർവ്വീസും കാർഷിക സർവ്വകലാശാലയുടെ റിസർച്ചും തമ്മിലുള്ള പൊരുത്തമില്ലായ്മ മൂലമുണ്ടായിട്ടുള്ള തകരാറുകൾ മാറ്റിത്തീർക്കുന്നതിനുവേണ്ടി രണ്ടുകൂട്ടരേയും കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.

ശ്രീ. വി. ജെ. പൗലോസ്: നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ ധാരാളം ഗവേഷണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. രോഗങ്ങൾക്ക് പ്രതിവിധി ഉണ്ടെന്ന് പറയുന്നുണ്ട്. പക്ഷേ കാർഷിക മേഖലയിൽ ഇത് ഫലപ്രദമായി കാണുന്നില്ല. തെങ്ങ്, അടയ്ക്ക, കുരുമുളക് എന്നീ കൃഷികളൊക്കെ പലവിധ രോഗങ്ങളാൽ പൂർണ്ണമായും നശിച്ചുപോകുകയാണ്. നിരാശരായ കർഷകർ വീണ്ടും കൃഷി ചെയ്യാൻ മടിക്കുന്നു. ലഭ്യമായ ഗവേഷണ ഫലങ്ങൾ കൃഷിക്കാർക്ക് എത്തിച്ചു കൊടുക്കാനുള്ള സംവിധാനമുണ്ടാക്കിയിട്ടുണ്ടെന്ന് പറയുന്നുണ്ടെങ്കിലും അതൊന്നും വേണ്ടത്ര കൃഷിക്കാരിൽ എത്തുന്നില്ല. കൃഷിക്കാരുടെ വിശ്വാസം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി രോഗം നിയന്ത്രിക്കുന്നതിനും നിവാരണം ചെയ്യുന്നതിനുമായി ഇനിയും കൂടുതൽ ഗവേഷണാദി പരിപാടികളിലൂടെ മുന്നോട്ടു പോയില്ലെങ്കിൽ ഇപ്പോൾ അവശേഷിക്കുന്ന കൃഷിക്കാർപോലും കൃഷി ഉപേക്ഷിക്കുന്നതിന് നിർബന്ധിതമാകുന്ന സാഹചര്യമുണ്ടാകും. അതുകൊണ്ട് ഇതിന്റെ ഗൗരവം കണക്കിലെടുത്ത് പരിണതപ്രജ്ഞയായ മന്ത്രി എന്ത് നടപടികളാണ് ഈ രംഗത്ത് ഇനിയും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: കേരള സർവ്വകലാശാല ഒന്നും ചെയ്യുന്നില്ലായെന്നു പറയുന്നത് ശരിയല്ല. അനേകതരം ഉൽപ്പാദന വർദ്ധനവുള്ള നെൽവിത്തുകൾ കണ്ടുപിടിച്ചിട്ടുണ്ട്. സ്ഥല പരിമിതിയുണ്ടെങ്കിലും കേരളത്തിൽ നെല്ലിന്റെ പ്രൊഡക്ടിവിറ്റി വർദ്ധിച്ചിരിക്കുകയാണ്. ഓരോ സ്ഥലത്തും ജ്യോതി, ഉമ, വർഷ,

രമണി തുടങ്ങി ഉൽപ്പാദനശേഷിയുള്ളതും രോഗപ്രതിരോധ ശക്തിയുള്ളതുമായ അനേകം നെൽവിത്തുകൾ കണ്ടുപിടിച്ചിട്ടുണ്ട്. ഗുണമേന്മയും കൂടുതൽ ആദായവും വർദ്ധിച്ച ഉൽപ്പാദനശേഷിയുള്ളതുമായ കുരുമുളകിന്റെ പന്നിയൂർ ഒന്നു മുതൽ ഏഴുവരെയുള്ള ഇനങ്ങൾ കാർഷിക സർവ്വകലാശാല കണ്ടുപിടിച്ചതാണ്. അതു പോലെ കശുമാവിന്റെ ഇനങ്ങളായ കുടുതൽ ഉൽപ്പാദനശേഷിയുള്ള ദാമോദർ സുലഭ, മുകളിലേയ്ക്ക് പടർന്നുചെല്ലാത്ത പുഷ് ടൈപ്പ് എന്നിവ കാർഷിക സർവ്വകലാശാല കണ്ടുപിടിച്ചതാണ്. പക്ഷേ കേരളത്തിലെ കൃഷിക്കാർ കുറേക്കാല മായി കൃഷിയെ ഒരു തൊഴിലായി അംഗീകരിക്കാത്തിന്റെ ഫലമായി കൃഷിയു മായിട്ടുള്ള ബന്ധംതന്നെ ഇല്ലാതാകുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. മാത്രവുമല്ല, കൃഷി വകുപ്പും കാർഷിക സർവ്വകലാശാലയും യോജിച്ചുകൊണ്ടുള്ള പ്രവർത്തന ങ്ങളിലൂടെ രോഗപ്രതിരോധ പ്രവർത്തനം നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ നമ്മൾ വിചാരിച്ചതുപോലെ നടക്കാതെ വന്നതിന്റെ ഫലമായി ഇപ്പോൾ കാർഷിക സർവ്വകലാശാല കണ്ടുപിടിച്ചിട്ടുള്ള നല്ലയിനം വിത്തുകളും കീടനാശിനികളും മറ്റ് മരുന്നുകളും ജനങ്ങളുടേയും കൃഷിക്കാരുടേയും ഇടയിൽ എത്താതെയായി.

<u>ശ്രീമതി ശോഭനാ ജോർജ്ജ്:</u> തെങ്ങിന് മണ്ഡരി രോഗം വന്നപ്പോൾ വർഷ ങ്ങളോളം നടത്തിയ ഗവേഷണത്തിന്റെ ഫലമായി തെങ്ങ് വെട്ടിക്കളയണമെന്ന് കണ്ടെത്തിയതായി റിപ്പോർട്ടുണ്ട്. ഇത്തരം ഗവേഷണങ്ങൾക്കുപകരം കർഷകർക്ക് കൂടുതൽ പ്രയോജനകരമായ വിധത്തിലുള്ള ഗവേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി കെ. ആർ. ഗൗരിയമ്മ:</u> മണ്ഡരി രോഗത്തിന് തെങ്ങ് വെട്ടിക്കളയണ മെന്ന് ആരും ശുപാർശ ചെയ്തിട്ടില്ല. തെങ്ങ് വെട്ടിക്കളയണമെന്നുള്ളത് നൂറ്റാണ്ടു കളായി പറഞ്ഞുവരുന്ന വേരുചീയൽ രോഗത്തിന്റെ ഫലമാണ്. ഇത് കേരള സർവ്വകലാശാല മാത്രമല്ല ഐ.സി.ആറും സി.പി.സി.ആർ.ഐ.-യും പരിശോധിച്ചു നോക്കി. കായംകുളം സ്റ്റേഷൻ ദീർഘകാലമായി കേരളത്തിൽ പ്രവർത്തി ക്കുകയാണ്. കായംകുളം സ്റ്റേഷൻ ഇതെല്ലാം പരിശോധിച്ചതിനുശേഷം വേരുചീയൽ രോഗത്തിന് പ്രതിവിധിയില്ലെന്ന് കണ്ടുപിടിച്ചു. തെങ്ങുകൾ വെട്ടിമാറ്റണമെന്ന് നൂറ്റാണ്ടുകളായി ആവശ്യപ്പെട്ടിട്ടും അത് ചെയ്യാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. സാമ്പത്തിക പരാധീനതയുമുണ്ട്. മാത്രവുമല്ല, കേന്ദ്രത്തിന് തെങ്ങു കൃഷിയെപ്പറ്റിയുള്ള അറിവു കുറവാണോ അതോ ഉപേക്ഷക്കുറവു കൊണ്ടോ വേണ്ട സഹായം കിട്ടാതെ വന്നതിന്റെ ഫലമായി നമുക്ക് അത് ചെയ്യാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഈ രോഗം ബാധിക്കാത്തവിധത്തിൽ, അതിനെ റെസിസ്റ്റ് ചെയ്ത് നിൽക്കത്തക്ക വിധത്തിലുള്ള തെങ്ങ് കണ്ടുപിടിച്ചിട്ടുണ്ട്. മണ്ഡരി രോഗത്തിന് മരുന്നു

LIBRARY ARCHIVES Kerala Legislative Assembly

തളിച്ചു നിർത്തുക എന്നുള്ളതാണ് ഇപ്പോൾ ചെയ്തുവരുന്നത്. അല്ലാതെ പരിപൂർണ്ണമായി ഈ രോഗം ഒഴിവാക്കുന്നതിന് ഇന്നുവരെ മരുന്ന് കണ്ടുപിടിച്ചിട്ടില്ല. ഇത് കേരള സർവ്വകലാശാലയുടെ മാത്രം കുറ്റമല്ല. കുത്തിവയ്ക്കുന്ന നടപടി പരീക്ഷിച്ചുനോക്കി. കുത്തിവച്ചപ്പോൾ തെങ്ങിന്റെ മണ്ട മറിഞ്ഞുപോയി. കേരള സർവ്വകലാശാലയിൽ മാത്രമല്ല, ഇൻഡ്യയിലെ നാളികേരം വിളയിക്കുന്ന സംസ്ഥാനങ്ങളുടെ കോൺഫറൻസിൽ കൂടിയ എല്ലാ മന്ത്രിമാരും അവരുടേതായ സംസ്ഥാനങ്ങളിൽ ഇതു സംബന്ധിച്ച് നടന്നുവരുന്ന കാര്യങ്ങളെ സംബന്ധിച്ച് റിപ്പോർട്ട് ചെയ്യുകയുണ്ടായി. അവർക്കൊന്നും ഇതിൽ ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. രോഗം മൂർച്ഛിക്കാതിരിക്കുന്നതിനുവേണ്ടിയുള്ള മരുന്നു തളിക്കലും വളവും മറ്റ് ശാസ്ത്രീയ നടപടിക്രമങ്ങളുമൊക്കെ ചെയ്താൽ തെങ്ങിനെ കുറേക്കാലം സംരക്ഷിച്ചുനിർത്തി ആദായമെടുക്കാം. മണ്ഡരിക്ക് പരിപൂർണ്ണമായി ആരും ഇതുവരെ പ്രതിവിധി കണ്ടുപിടിച്ചിട്ടില്ല.

<u>ശ്രീമതി ശോഭനാ ജോർജ്ജ്:</u> കാർഷിക സർവ്വകലാശാലയ്ക്ക് വർഷത്തിൽ ഗ്രാന്റ് കൊടുക്കുന്നത് യഥാസമയം കൊടുക്കുന്നില്ല എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവിടെ യഥാസമയം ഗ്രാന്റ് കൊടുക്കുകയും ഇപ്പോൾ കൊടുക്കുന്ന ഗ്രാന്റ് വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീമതി കെ. ആർ. ഗൗരിയമ്മ:</u> കേരള സർവ്വകലാശാലയിൽ ഇന്ന് പ്രതിസന്ധിയുണ്ട്. യു.ജി.സി. സ്കെയിൽ നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള ബുദ്ധിമുട്ടിന്റെ അടിസ്ഥാനത്തിൽ വന്ന നടപടിക്രമമാണ്. ആ നടപടിക്രമം അനുസരിച്ച് യു.ജി.സി. സ്കെയിൽ അവർക്ക് ഇഷ്ടംപോലെ നടപ്പിലാക്കുന്നതിന്റെ അടിസ്ഥാനത്തിൽ അവരുമായിട്ടുണ്ടായിട്ടുള്ള എഗ്രിമെന്റിൽ 15-2-2005-ൽ ഈ അനോമലി തീർത്ത് പണം തിരികെ അടയ്ക്കാം എന്നുള്ളത് വന്നു. അതിന് മുമ്പ് കൊടുക്കേണ്ടതായിട്ടുള്ള പണം കൊടുക്കാതിരുന്നു. രണ്ടുമൂന്നു പ്രാവശ്യം ഇതിന് മുമ്പ് ഈ നടപടിക്രമം ചെയ്യണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. അന്നൊന്നും ചെയ്യാതെ വന്നു. അവസാനമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിളിച്ചുകൂട്ടിയ കോൺഫറൻസിൽ രണ്ടുകൂട്ടരും തമ്മിലുണ്ടായ എഗ്രിമെന്റാണ്. 15-2-2005-ൽ മുഴുവൻ പണവും തിരിച്ചടച്ച് പ്രശ്നം പരിഹരിക്കാൻ പറഞ്ഞിരുന്നു. പക്ഷേ, സർവ്വകലാശാല അത് നിർവ്വഹിക്കാത്തതിന്റെ അടിസ്ഥാനത്തിൽ ഫിനാൻസ് വകുപ്പ് സർവ്വകലാശാലയ്ക്ക് കൊടുക്കേണ്ടതായിട്ടുള്ള നോൺ പ്ലാൻ വിഹിതം ഈ പ്രാവശ്യം തടഞ്ഞുവച്ചിരിക്കുകയാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[22-3-2005-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ * 3 (578)-ന്റെ ഉത്തരം ദയവായി കാണുക.]

കാർഷിക സർവ്വകലാശാല ഏറ്റെടുത്തിട്ടുള്ള പ്രധാന ഗവേഷണ പ്രവർത്തനങ്ങൾ

1. തെങ്ങിൽ രോഗ കീടബാധകൾക്കെതിരെ അനുയോജ്യമായ സാങ്കേതിക വിദ്യകളിലൂടെയുള്ള സുസ്ഥിര പരിപാലനവും, വിത്തുൽപ്പാദനത്തിനും പ്രദർശനത്തിനും വേണ്ടിയുള്ള തോട്ടനിർമ്മാണവും.

2. വിള വർദ്ധനവിനുവേണ്ടി അമ്ലരസമുള്ള മണ്ണുകളുടെ പഠനവും പരിപാലനവും.

3. ജൈവ വൈവിദ്ധ്യങ്ങളുടെ സുസ്ഥിര പരിപാലനം.

4. കർഷകരെ ഉൾപ്പെടുത്തിക്കൊണ്ട് പുരയിട കൃഷിയെക്കുറിച്ചുള്ള അപഗ്രന്ഥനവും വികസനവും.

5. കേരളത്തിൽ കാർഷികോൽപ്പാദന വർദ്ധനവിനുവേണ്ടി ജൈവ സാങ്കേതിക വിദ്യയുടെ ഉപയോഗം.

6. മണ്ണിന്റെ ആരോഗ്യവും സുസ്ഥിരമായ ഉൽപ്പാദനവും ഉറപ്പാക്കുന്ന ജൈവ കൃഷിയെക്കുറിച്ചുള്ള പഠനം.

7. മിതശിതോഷ്ണ മേഖലയ്ക്ക് യോജിച്ച മരുന്നുചെടികൾ വാണിജ്യാടിസ്ഥാനത്തിൽ കൃഷിചെയ്യുവാനുള്ള സുസ്ഥിരമായ സാങ്കേതിക വിദ്യകളുടെ വികസനം.

അനുബന്ധം I എ)

കാർഷിക സർവ്വകലാശാലയുടെ ഗവേഷണ പ്രവർത്തനങ്ങൾക്കുവേണ്ടി ധനസഹായം നൽകുന്ന ബാഹ്യ ഏജൻസികൾ

1. ഐ. സി. എ. ആർ.
2. ഡി. ബി. ടി.
3. ഡി. എസ്. ടി.
4. കാഡ്ബറി ഇൻഡ്യാ ലിമിറ്റഡ്.
5. കോക്കനട്ട് ഡവലപ്പ്മെന്റ് ബോർഡ്.
6. കയർ ബോർഡ്.
7. കൃഷി വകുപ്പ്.
8. കൃഷിയും സഹകരണവും വകുപ്പ്.
9. അണുശക്തി വകുപ്പ്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I എ—(തുടർച്ച)

10. ഐ. സി. എഫ്. ആർ. ഇ.
11. ഐ. സി. എം. ആർ.
12. കേരള ഫോറസ്റ്റ് ഡവലപ്പ്മെന്റ് ഫണ്ട്.
13. കേരള റിസർച്ച് പ്രോഗ്രാം ഓൺ ലോക്കൽ ലെവൽ ഡവലപ്പ്മെന്റ്.
14. നാഷണൽ ഹോർട്ടികൾച്ചറൽ ബോർഡ്.
15. കെ.എസ്.സി. എസ്.റ്റി.ഇ.
16. സ്പൈസസ് ബോർഡ്.
17. കേന്ദ്ര കേരള സർക്കാരുകളുടെ മറ്റ് വകുപ്പുകൾ.

അനുബന്ധം II

[22-3-2005-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ * 4 (563)-ന്റെ ഉത്തരം ദയവായി കാണുക.]

	പദ്ധതി	സ്ഥാപിത ശേഷി	ഉൽപ്പാദന ശേഷി	ഇപ്പോഴത്തെ സ്ഥിതി
1.	വഴിക്കടവ്, ഡൈവേർഷൻ	..	24 Mu	പണിപൂർത്തീകരിച്ചു
2.	ഉറുമി I & II	6.15 MW	16 Mu	പണിപൂർത്തീകരിച്ചു
3.	ചെമ്പുകടവ് I & II	6.5 MW	15.62 Mu	പണിപൂർത്തീകരിച്ചു
4.	വടക്കേപ്പുഴ ഡൈവേർഷൻ	..	12 Mu	പണിപൂർത്തീകരിച്ചു
5.	മലങ്കര	10.5 MW	65 Mu	പണിനടന്നുവരുന്നു.
6.	കുറ്റ്യാടി ആഗ്മെന്റേഷൻ	..	223 Mu	ഭാഗികമായി പൂർത്തീകരിച്ചു
7.	കുറ്റ്യാടി ടെയ്ൽ റേസ്	3.75 MW	15 Mu	പണിനടന്നുവരുന്നു.
8.	കുറ്റിയാർ ഡൈവേർഷൻ	..	37 Mu	പണിനടന്നുവരുന്നു.
9.	ലോവർ മീൻമുട്ടി	3.5 MW	10.14 Mu	പണിനടന്നുവരുന്നു.
10.	നേര്യമംഗലം എക്സ്റ്റൻഷൻ	2.5 MW	58 Mu	പണിനടന്നുവരുന്നു.
11.	കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ	100 MW	240 Mu	പണിനടന്നുവരുന്നു.
12.	അഴുത ഡൈവേർഷൻ	..	0.57 Mu	പണിനടന്നുവരുന്നു.
13.	വിലങ്ങാട്	7.5 MW	22.63 Mu	പ്രാരംഭ നടപടികൾ എടുത്തുവരുന്നു.
14.	പശുക്കടവ്	2 MW	5.85 Mu	
15.	പുഴിത്തോട്	4.8 MW	11.779 Mu	

LIBRARY ARCHIVES Kerala Legislative Assembly